പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1311 — 13.12.2012 ൽ – മറുപടിക്ക്

## റേഷൻ കടകളിൽ നിന്നും സബ്സിഡി ഒഴിവാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കടകളിൽ നിന്നും സബ്സിഡി പൂർണ്ണമായും ഒഴിവാക്കി ബാങ്കിലേക്ക് മാറ്റുമ്പോൾ ഒരു കിലോഗ്രാം അരി, പഞ്ചസാര, ഗോതമ്പ്, ഒരു ലിറ്റർ മണ്ണെണ്ണ എന്നിവയ്ക്ക് എത്ര വില നൽകേണ്ടിവരുമെന്ന് വിശദമാക്കാമോ; | (എ) | എ.പി.എൽ. കാർഡുകൾക്കുളള സംസ്ഥാന സബ്സിഡി പൂർണ്ണമായും ഒഴിവാക്കി ബാങ്കിലേക്ക് മാറ്റുമ്പോൾ ഒരു കിലോഗ്രാം അരിക്ക് 8.90 രൂപയും, ഗോതമ്പിന് 6.70 രൂപയും വരും. മണ്ണെണ്ണയ്ക്ക് നിലവിൽ സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. പഞ്ചസാര ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഈ തുക നൽകി സാധാരണ ദരിദ്ര ജനവിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ പ്രാപ്തിയില്ലെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) | എ.പി.എൽ. കാർഡുകൾക്കുളള സംസ്ഥാന സബ്സിഡി മാത്രമേ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നുളളൂ. സബ്സിഡി തുക കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കുമെന്നുളളതുകൊണ്ട് ഇങ്ങനെയൊരു ബുദ്ധിമുട്ട് ഉണ്ടാകാനുളള സാധ്യത കാണുന്നില്ല. |
| (സി) | ഇത് റേഷൻ കട പൂട്ടാനും പൊതു മാർക്കറ്റിൽ വില ഉയരാനും ഇടയാക്കുമോ; | (സി) | റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനാലും, യഥാർത്ഥ കാർഡുടമകൾക്ക് ഗുണകരമാവും എന്നതിനാലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നത്. |
| (ഡി) | ഇത്തരം പരിഷ്ക്കാരങ്ങൾ കേരളത്തിൽ നടപ്പാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | പൊതുവിതരണ സംവിധാനം സുതാര്യമാക്കി, റേഷൻ സബ്സിഡി അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുന്നതിനും അതിലൂടെ പൊതുമാർക്കറ്റിലെ വിലക്കയറ്റം തടയുന്നതിനുമായാണ് സബ്സിഡി തുക നേരിട്ട് ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുളളത്. റേഷൻ സാധനങ്ങൾ സബ്സിഡിയോടുകൂടിത്തന്നെ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഈ പദ്ധതി സഹായകമാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |
| (ഇ) | നിലവിലുള്ള ഒരു കിലോയ്ക്ക് ഒരു രൂപ/രണ്ടു രൂപ/സാധാരണ റേഷൻ വില എന്നിവ അനുസരിച്ച് റേഷൻ വാങ്ങാൻ കഴിയാത്ത ദരിദ്രവിഭാഗങ്ങളെ സഹായിക്കാൻ എന്തു നടപടി സ്വീകരിക്കും; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ